**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3588** **12-03-2025 - ൽ മറുപടിയ്ക്ക്**

**ചലഞ്ച് കോഴ്സുകളുടെ മൂല്യ നിർണ്ണയം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ഡോ. ആർ. ബിന്ദു**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | എ. പി. ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവകലാശാലയുടെ ബി.ടെക്-2024 റെഗുലേഷൻ പ്രകാരം ചലഞ്ച് കോഴ്സ് നടത്തുന്നുണ്ടോയെന്നും പ്രസ്തുത കോഴ്സ് നടത്തുന്നതു വഴി വിദ്യാർത്ഥികൾക്ക് എന്തെല്ലാം നേട്ടങ്ങൾ ലഭിക്കുമെന്നാണ് വിലയിരുത്തുന്നതെന്നും വിശദമാക്കുമോ; | (എ) | ചലഞ്ച് പരീക്ഷകൾ (Challenge Exams) അല്ലെങ്കിൽ Credit by Examination Courses, B.Tech 2024 കോഴ്സിന്റെ ഭാഗമായി ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ, പരമ്പരാഗത തുടർച്ചയായ ആന്തരിക മൂല്യനിർണ്ണയ പ്രക്രിയ (Continuous Internal Evaluation - CIE) ഇല്ലാതെ തന്നെ വിദ്യാർത്ഥികൾക്ക് പ്രത്യേക വിഷയങ്ങളിൽ അവരുടെ അറിവും കഴിവും തെളിയിക്കാൻ അവസരം നൽകുന്നു. End Semester Exam (ESE) മാത്രമായിരിക്കും മൂല്യനിർണ്ണയത്തിന് അടിസ്ഥാനം. ഈ രീതിയിലൂടെ "മുൻകാല പഠന അംഗീകാരം" (Recognition of Prior Learning - RPL) അല്ലെങ്കിൽ "മുൻകാല പഠന മൂല്യനിർണ്ണയം & അംഗീകാരം" (Prior Learning Assessment and Recognition - PLAR) എന്ന ആശയം പ്രാവർത്തികമാക്കുകയാണ്. ഇത്, ഔപചാരിക വിദ്യാഭ്യാസ രംഗത്തിന് പുറമേ വിദ്യാർത്ഥികൾ നേടിയെടുത്ത അറിവിനെയും കഴിവിനെയും അംഗീകരിക്കുന്നതാണ്. വിദ്യാർത്ഥികൾക്ക്, ഉയർന്ന സെമസ്റ്ററുകളിൽ ഉൾപ്പെടുത്തിയ ചലഞ്ച് കോഴ്സുകൾ താഴത്തെ സെമസ്റ്ററുകളിൽ തന്നെ എഴുതാനുള്ള അവസരമുണ്ട്. ഇത് കോഴ്സിലെ നിശ്ചിത പട്ടികയനുസരിച്ചായിരിക്കും. മുഴുവൻ പ്രോഗ്രാമിനിടയിലും വിദ്യാർത്ഥികൾക്ക് 20 ക്രെഡിറ്റുകൾ വരെ ചലഞ്ച് പരീക്ഷയിലൂടെ നേടാൻ അനുവാദമുണ്ട്.<br><br>ചലഞ്ച് പരീക്ഷ വിജയിച്ചാൽ, അത്തരം വിദ്യാർത്ഥികൾക്ക് അവരുടെ സഹപാഠികളുമായി കോഴ്സ് തുടർന്നുപോകേണ്ടതില്ല. ഈ സംവിധാനം, വേഗത്തിൽ കഴിവു തെളിയിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കായി നല്ലൊരു അവസരമാണ്. വിദ്യാർത്ഥികൾക്ക് ഒരു കോഴ്സ് പൂർത്തിയാക്കുകയും പിന്നീട് ശേഷിക്കുന്ന സെമസ്റ്ററുകളിൽ കുറച്ച് കോഴ്സുകൾ മാത്രം എടുക്കുകയും ചെയ്യുന്നതിന്റെ |

| | | | |
|---|---|---|---|
| | | | പ്രയോജനം ലഭിക്കും. ഇതിന്റെ ഫലമായി, അവരെ പുതിയ പഠന മേഖലകളിലേക്ക്, ഗവേഷണ പ്രവർത്തനങ്ങളിലേക്ക്, skill സർട്ടിഫിക്കറ്റുകൾക്കും അല്ലെങ്കിൽ വ്യക്തിഗത വികസനത്തിലേക്കും ശ്രദ്ധ മാറ്റാം.<br><br>ചലഞ്ച് പരീക്ഷകൾ അല്ലെങ്കിൽ MOOCS വഴി 7, 8 സെമസ്റ്ററുകളിൽ ഉള്ള എല്ലാ തിയറി കോഴ്സുകളും വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ ഇന്റേൺഷിപ്പിനായി അപേക്ഷിക്കാം. GATE, GRE, CAT തുടങ്ങിയ പ്രധാന മത്സര പരീക്ഷകളിൽ ഉയർന്ന റാങ്കുകൾ നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക്, അവരുടെ അവസാന വർഷം ഈ പരീക്ഷകളുടെ തയ്യാറെടുപ്പിൽ മുഴുവൻ ശ്രദ്ധ കേന്ദ്രീകരിക്കാൻ അവസരം ലഭിക്കും. ഇത് പ്രമുഖ സ്ഥാപനങ്ങളിൽ പ്രവേശനത്തിനുള്ള സാധ്യതകൾ ഉയർത്തുന്നു. അവസാന വർഷം അക്കാദമിക ഭാരം കുറച്ച്, സംരംഭകത്വ മേഖലയിൽ അതിവേഗം ശ്രദ്ധ കേന്ദ്രീകരിക്കുന്ന വിദ്യാർത്ഥികൾക്ക് പുതിയ ബിസിനസ് ആശയങ്ങളും സംരംഭങ്ങളും വളർത്താനും പരീക്ഷിക്കാനും കഴിയും. |
| (ബി) | 2024ഡിസംബർ മാസം നടത്തിയ ചലഞ്ച് കോഴ്സ്കളുടെ മൂല്യനിർണ്ണയ നടപടികളുടെ നിലവിലെ അവസ്ഥ എന്തെന്നും; എത്ര തലത്തിലാണ് ഉത്തരകടലാസ്സുകളുടെ മൂല്യനിർണ്ണയം നടക്കുന്നതെന്നും ഇതിൽ ഏതെല്ലാം തലങ്ങളിൽ മൂല്യനിർണ്ണയം പൂർത്തിയായിയെന്നും ഉത്തരകടലാസ്സുകൾ മൂല്യനിർണ്ണയത്തിനായി വിവിധ തലങ്ങളിൽ അയച്ചുകൊടുത്തത് ഏതെല്ലാം തീയതികളിലാണെന്നും ;ഉൾപ്പടെയുള്ള വിവരങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | ചലഞ്ച് കോഴ്സുകളുടെ മൂല്യ നിർണ്ണയം പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഉത്തരക്കടലാസുകൾ ഇരട്ട മൂല്യനിർണയമാണ് പിന്തുടരുന്നത്. രണ്ട് മൂല്യനിർണ്ണയങ്ങളിൽ ലഭിച്ച മാർക്കിലെ വ്യത്യാസം കോഴ്സിനുള്ള പരമാവധി മാർക്കിന്റെ 15% കവിയുന്നുവെങ്കിൽ, മൂന്നാമത്തെ മൂല്യ നിർണയം നടത്തി വിദ്യാർത്ഥിയുടെ നേട്ടത്തിന് ഏറ്റവും അടുത്തുള്ള രണ്ട് മാർക്കിന്റെ ശരാശരി ഗ്രേഡിംഗിനായി പരിഗണിക്കുകയും ചെയ്യും. മൂന്നാമത്തെ മൂല്യ നിർണ്ണയം ആവശ്യമായി വന്ന ഉത്തരക്കടലാസുകളുടെ പരിശോധന അന്തിമഘട്ടത്തിലാണ്. ഉത്തരക്കടലാസുകൾ മൂല്യ നിർണയത്തിനായി 06-02-2025 നാണ് അയച്ചുകൊടുത്തത്. |
| (സി) | ചലഞ്ച് കോഴ്സ്കളുടെ പരീക്ഷ നടന്നതു മുതൽ എത്ര ആഴ്ചകൾക്കകമാണ് റിസൾട്ട് പബ്ലിഷ് ചെയ്യേണ്ടതെന്നും; 2025-26 അക്കാഡമിക് കലണ്ടർ പ്രകാരം രണ്ടാം സെമെസ്റ്റർ കോഴ്സ് രജിസ്ട്രേഷനുള്ള അവസാന തീയതി കഴിഞ്ഞിട്ടുണ്ടോയെന്നും മൂല്യനിർണ്ണയം പൂർത്തീകരിച്ച് ചലഞ്ച് കോഴ്സ്കളുടെ പരീക്ഷാ റിസൾട്ട് പ്രസിദ്ധികരിക്കുന്നതിലുള്ള കാലതാമസത്തിന് കാരണമെന്തെന്നും വ്യക്തമാക്കാമോ; | (സി) | അക്കാഡമിക് കലണ്ടർ പ്രകാരം രണ്ടാം സെമസ്റ്റർ എക്സാം രജിസ്ട്രേഷൻ തുടങ്ങേണ്ടത് 2025 ഫെബ്രുവരി 8 ആയിരുന്നെങ്കിലും, ചലഞ്ച് കോഴ്സുകളുടെ ഫലം വരാത്തത് കൊണ്ട് എക്സാം രജിസ്ട്രേഷൻ തുടങ്ങിട്ടില്ല. ചലഞ്ച് കോഴ്സുകളുടെ മൂന്നാമത്തെ മൂല്യ നിർണ്ണയം ആവശ്യമായി വന്ന ഉത്തരക്കടലാസുകളുടെ പരിശോധന പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | രണ്ടാം സെമെസ്റ്റർ തുടങ്ങി ഒരാഴ്ചയ്ക്കുള്ളിൽ ആരംഭിച്ച ടി പരീക്ഷയുടെ റിസൾട്ട് പബ്ലിഷ് ചെയ്യുന്നതിലുണ്ടാകുന്ന കാലതാമസം കാരണം പരീക്ഷ എഴുതിയ പേപ്പറുകളിലുള്ള ഇന്റേണൽ - എക്സ്റ്റേണൽ - ലാബ് എന്നിവയ്ക്കായി വീണ്ടും തയ്യാറെടുക്കേണ്ടിവരികയും അധികസമയവും പ്രസ്തുത വിഷയങ്ങൾ മാത്രം പഠിക്കേണ്ടി വരുന്നതിനാൽ മറ്റു പേപ്പറുകൾക്കായി തയ്യാറെടുക്കുന്നതിനെ ഇത് ബാധിക്കുന്നുണ്ടെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; എങ്കിൽ ബി.ടെക്-2024 റെഗുലേഷൻ പ്രകാരം 2024 ഡിസംബർ മാസം നടത്തിയ ചലഞ്ച് കോഴ്സ്കളുടെ മൂല്യനിർണ്ണയം പൂർത്തീകരിച്ച് റിസൾട്ട് അടിയന്തിരമായി പബ്ളിഷ് ചെയ്യുന്നതിനും, വിദ്യാർത്ഥി തലത്തിൽ രണ്ടാം സെമെസ്റ്റർ കോഴ്സ് രജിസ്ട്രേഷനുള്ള അവസാന തീയതി ദീർഘിപ്പിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഡി) | ചലഞ്ച് കോഴ്സുകളുടെ ഫലം പബ്ലിഷ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ